# സീരിയൽ നടിയാക്കാമെന്ന വ്യാജേന തട്ടിക്കൊണ്ടുപോയ മകളെ അമ്മക്ക് തിരികെ നൽകി

പത്തനംതിട്ട: ടെലിവിഷൻ സീരിയലുകളിൽ നടിയാക്കാമെന്ന വ്യാജേന പത്രപരസ്യംവഴി പെൺകുട്ടികളെ വശീകരിക്കുന്ന സംഘത്തിൽനിന്നും മകളെ വിട്ടുകിട്ടണമെന്ന പരാതിയിൽ വനിതാ കമ്മീഷൻ ഇടപെട്ട് പെൺകുട്ടിയെ തിരികെ നൽകി. പത്രപരസ്യം കണ്ട് നടിയാകാനുള്ള മോഹത്തിലാണ് ചിറ്റാർ സ്വദേശിനി തങ്കമണിയുടെ മകൾ പ്രീതി ആലപ്പുഴയിലുള്ള ഷാൻ ഇന്ത്യ പ്രൊഡക്ഷൻ എന്ന സീരിയൽ നിർമാണ കമ്പനിക്ക് അപേക്ഷ നൽകിയിരുന്നു.

ഇന്റർവ്യൂ നടത്തിയ കമ്പനി പ്രീതിയെ തെരഞ്ഞെടുത്തശേഷം ഓഫീസ് സ്റ്റാഫായി നിയമിക്കുകയായിരുന്നു. ചെലവുകഴിഞ്ഞ് 1500 രൂപ വാഗ്ദാനം ചെയ്തെങ്കിലും ഏഴുമാസമായിട്ടും ശമ്പളം നൽകുകയോ കുട്ടിയെ തിരികെ വിടുകയോ ചെയ്തില്ല. മൂന്നര പവന്റെ സ്വർണമാല പണയപ്പെടുത്തിയ രൂപയും കമ്പനി ഉടമ അപഹരിച്ചുവെന്ന് തങ്കമണി പരാതിയിൽ പറയുന്നു. ഇതിനകം കഴിഞ്ഞ മാർച്ചിൽ വീട്ടിലെത്തിയ കുട്ടിയെ മറ്റു ചില സ്ത്രീകളെ ഉപയോഗിച്ച് വീണ്ടും പ്രലോഭിപ്പിക്കുകയും 7500 രൂപയും ആറുപവൻ സ്വർണവുമായി കടത്തിക്കൊണ്ടുപോകുകയും ചെയ്തു.

മകളെ തിരികെ ലഭിക്കണമെന്ന തങ്കമണിയുടെ പരാതിയിന്മേൽ കമ്മീഷൻ സീരിയൽ നിർമാണ കമ്പനിയുടമ അഷറഫിന് നോട്ടീസ് നൽകി കുട്ടിയെ ഹാജരാക്കുകയായിരുന്നു. തന്റെ ഭാര്യയുടെ ഒരു കേസുമായി ബന്ധപ്പെട്ട് മാവേലിക്കര കോടതിയിൽ ഹാജരാകേണ്ടതുകൊണ്ട് സഹോദരിയോടൊപ്പമാണ് പ്രീതിയെ കമ്മീഷനുമുമ്പാകെ എത്തിച്ചത്.

സ്വന്തം ഇഷ്ടപ്രകാരമാണ് പ്രീതി തന്റെ കമ്പനിയിൽ തുടർന്നതെന്നും പ്രീതിയുടെ പക്കൽനിന്ന് ലഭിച്ച രൂപ ഓണത്തിനുമുമ്പ് തിരികെ നൽകാമെന്നും അഷറഫിന്റെ അവധി അപേക്ഷയിൽ കമ്മീഷനെ അറിയിച്ചു. പ്രീതിയെ അമ്മയ്ക്ക് തിരികെ എത്തിച്ചാൽ കമ്മീഷൻ സീരിയൽ കമ്പനി ഉടമയ്ക്കെതിരായ നടപടികൾ തുടരാൻ ആർ.ഡി.ഒയ്ക്ക് നിർദേശം നൽകി.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന അദാലത്തിൽ 32 കേസ് പരിഗണനയ്ക്ക് വന്നു. ഭർത്താവിനെതിരേ പെൺവാണിഭക്കുറ്റം ആരോപിച്ചാണ് ഇടയാറന്മുളയിൽനിന്നുള്ള തങ്കമ്മയുടെ പരാതി. പല സ്ഥലങ്ങളിൽനിന്നും പെൺകുട്ടികളെ വശീകരിച്ച് പലർക്കുമായി കച്ചവടം നടത്തുന്ന തന്റെ ഭർത്താവ് വ്യാജഭാര്യയുമായി ഇപ്പോൾ കഴിയുകയാണെന്നും തനിക്കും രണ്ടു മക്കൾക്കും ചെലവിനു തരുന്നില്ലെന്നും പരാതിയിൽ പറയുന്നു.

പ്രതി വ്യാജഭാര്യയുമായി തന്റെ വീട്ടിൽ കയറി താമസിക്കുകയും അതിക്രമം കാട്ടുന്നെന്നും ആരോപണമുണ്ട്. ജില്ലാ പോലീസ് സൂപ്രണ്ടിന്റെ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത സിറ്റിംഗിൽ കമ്മീഷൻ തീരുമാനമെടുക്കും.

ഭർത്താവിൽ പരസ്ത്രീബന്ധം ആരോപിച്ചാണ് ആറാട്ടുപുഴയിൽനിന്നുള്ള ഉമയുടെ പരാതി. മറ്റൊരു സ്ത്രീയുമായി ബന്ധം സ്ഥാപിച്ചിട്ടുള്ള തന്റെ ഭർത്താവ് തമ്പി ഒരു ചെറ്റക്കുടിലിൽ മാറി താമസിക്കുന്ന തന്നെയും രണ്ടു കുട്ടികളെയും ദേഹോപദ്രവം ഏൽപ്പിക്കുന്നുവെന്നും ചെലവിന് നൽകുന്നില്ലെന്നുമാണ് പരാതി. ഈ കേസും അന്വേഷണത്തിനുശേഷം അടുത്ത സിറ്റിംഗിൽ പരിഗണിക്കും.

സർവീസ് സഹകരണബാങ്കിലെ ജോലിക്കിടെ പ്രസിഡന്റിന്റെ ഭാഗത്തുനിന്നുള്ള നിരന്തര പീഡനത്തിനെതിരേയുള്ള പരാതിയാണ് കൂളനടയിൽനിന്നുള്ള രാധാമണിയമ്മ ബോധിപ്പിച്ചത്. നേരത്തേ സർവീസിൽ ഇൻസ്പെക്ടറും അഡ്മിനിസ്ട്രേറ്ററുമായിരുന്ന പ്രതി ബാങ്ക് പ്രസിഡന്റായതോടെ രാധാമണിയമ്മയുടെ കഷ്ടകാലം തുടങ്ങിയെന്നാണ് പരാതി. പലപ്പോഴും മദ്യപിച്ചെത്തുന്ന പ്രസിഡന്റ് നാലുമണിക്കുശേഷവും ഇവർ ഓഫീസിൽ എത്തിയിരിക്കണമെന്ന് നിർബന്ധിക്കുകയും കാബിനിൽ വിളിച്ച് അശ്ലീലഭാഷയിൽ സംസാരിക്കുകയും ചെയ്യാറുണ്ടെന്നും ഇതിനെ എതിർത്തപ്പോൾ ഭരണകാര്യങ്ങളിലെ കുറ്റങ്ങൾ ആരോപിച്ച് പീഡിപ്പിക്കുന്നതായുമാണ് പരാതി. ഇതുസംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ വനിതാ കമ്മീഷൻ ലോ ഓഫീസറുടെ അഭിപ്രായം ആരായുന്നതിന് തീരുമാനിച്ചു.

ജോലിതട്ടിപ്പ് സംബന്ധിച്ച് രണ്ടുകേസുകളും വിവാഹതട്ടിപ്പ് സംബന്ധിച്ച ഒരു കേസും ഭർതൃപീഡനം സംബന്ധിച്ച് ഒരു കേസും സ്ത്രീധനപീഡനം സംബന്ധിച്ച് അഞ്ചു കേസുകളും ഭാര്യാഭർതൃബന്ധത്തിലെ പൊരുത്തക്കേടുകൾ സംബന്ധിച്ച് നിരവധി കേസുകളും വന്നു.കമ്മീഷൻ അംഗം ലിസി ജോസിന്റെ അധ്യക്ഷതയിൽ അഡ്വ. ജോസ് മാത്യു, ടി. ആർ. കുഞ്ഞമ്മ തുടങ്ങിയവർ പങ്കെടുത്തു.